പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 485

18.5.2017 ലെ
മറുപടിക്ക്

## കയർ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എം. നൗഷാദ്<br>ശ്രീ. വി.ജോയി | ഡോ.തോമസ്ഐസക്<br>(ധനകാര്യവും കയറും<br>വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത കയർ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ ഇത്തരം നടപടികൾ കൊണ്ട് കഴിഞ്ഞിട്ടുണ്ടോ? | എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കയർ വ്യവസായം. ഈ മേഖലയിൽ അതിന്റെ നിലനിൽപ്പിനും, പുരോഗതിക്കും, തൊഴിലാളികളുടെ ക്ഷേമത്തിനും വേ ണ്ട എല്ലാ കാര്യങ്ങളും സർക്കാർ തലത്തിൽ നൽകിക്കൊ ണ്ടിരിക്കുകയാണ്. മുൻകാലങ്ങളെ അപേ ക്ഷിച്ച് നിലവിൽ ഈ മേഖല പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കയർ മേഖലയുടെ പുരോഗതിക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) ര ണ്ടാം പുന:സംഘടനാ പദ്ധതി<br>2) എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പ രാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ട് യന്ത്രവത്കരണം<br>3) ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം<br>4) കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| | പുന:സംഘടനയുടെ ഭാഗമായി പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തന ക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടു ണ്ട്.<br><br>നിയന്ത്രിതയന്ത്രവത്ക്കരണം എന്നതിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പ രമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയെയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയ വിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗ ണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വക കൊള്ളിച്ചിട്ടുണ്ട്.<br><br>ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടു ണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS ന്റെ ഭാഗമായി കൃഷി ജല മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും |

| | |
|---|---|
| | മറ്റ് മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. ഇത്തരം നടപടികൾ കൊണ്ട് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി)സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കയർ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ? | സംസ്ഥാനത്തെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവ തങ്ങളുടെ ഫർണിഷിംഗ് ആവശ്യങ്ങൾക്ക് കയർ ഉല്പന്നങ്ങൾ പരാമവധി ഉപയോഗിക്കണമെന്നും അവ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, ഫോംമാറ്റിംഗ്സ് എന്നിവിടങ്ങളിൽ നിന്നും ക്വട്ടേഷൻ കൂടാതെ വാങ്ങണമെന്നും ഉത്തരവായിട്ടുണ്ട്. |
| സി)കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഇപ്പോൾ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിപണനം വ്യാപകമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | സി) കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബറിൽ ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന |

| | |
|---|---|
| | മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേഷനുമായി MOU ഒപ്പു വച്ചിട്ടുണ്ട്. |
| ഡി) ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഇത് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | 1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തനമൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br>6. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>8. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>9. ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക പെൻഷൻ, |

| | |
|---|---|
| | ചികിത്സാ സഹായം, മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകിവരുന്നു. കയർ തൊഴിലാളികളുടെ ആശ്രിതർക്കുള്ള കുടുംബ പെൻഷൻ 100 രൂപയിൽ നിന്ന് 1000 രൂപയാക്കി ഉയർത്തി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>10. കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>11. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉ ണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നു ണ്ട്.<br><br>ഇവയ്ക്കു പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പ ദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. രണ്ടാം പുന:സംഘടനാ പദ്ധതി<br>2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പ രമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം.<br>3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം<br>4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നു. ഇതുവഴി തൊഴിൽ മേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ ദിനങ്ങൾ കൂട്ടുന്നതിനും കഴിയുന്നു.<br><br>പുന:സംഘടനയുടെ ഭാഗമായി പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തന ക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വക കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ